# ജീവനക്കാർക്കും ചിലതു പറയുവാനുണ്ട്

**സുധീർകുമാർ**

ഫെബ്രുവരി 6ന് സർക്കാർ ജീവനക്കാർ ആരംഭിച്ച സമരം അതിന്റെ കാര്യം, ഉള്ളടക്കം, പ്രതികരണം എന്നീ തലങ്ങളിലെല്ലാം ഗൗരവമുള്ളതാണ്. കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളെയും മാധ്യമങ്ങളെയും വ്യക്തമായ നിലാപാടുകളെടുക്കാൻ നിർബന്ധിതരാക്കിയ ഒരു സമരമായിരുന്നു ഇത്.

സർക്കാർ ജീവനക്കാരുടെ ശമ്പളം, ശമ്പളത്തിനു പുറമെയുള്ള അനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ തൊഴിൽ സുരക്ഷിതത്വം എന്നിവയെ ലഘുവായി ബാധിക്കുന്ന ചില തീരുമാനങ്ങൾ സർക്കാരെടുത്തതിനെതിരെയാണ് ഈ സമര കോലാഹലം മുഴുവനും എന്നു പ്രേരിപ്പിക്കാനുള്ള ശ്രമമാണ് സർക്കാരിന്റെയും സർക്കാരനുകൂല മാധ്യമങ്ങളുടേയും ഭാഗത്തു നിന്നുണ്ടായത്. സമരം നേരിടുന്നതിന് അത്തരമൊരു പ്രചരണം നന്നെങ്കിലും സമരം വിലയിരുത്തുന്നതിന് അർദ്ധസത്യങ്ങളുടെ പിൻബലം പോരാ.

അടുത്ത രണ്ടുമാസത്തെ ശമ്പളം 15 ദിവസം വൈകി നൽകുക, ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കുക, പെൻഷൻ കമ്മ്യൂട്ടേഷന്റെ തുക കുറക്കുക, അധ്യാപകരുടെ പ്രൊട്ടക്ഷൻ അവസാനിപ്പിക്കുക എന്നീ നിലപാടുകൾക്കെതിരാണ് സമരമെന്നു വരുത്തിത്തീർക്കാനാണ് സർക്കാർ അനുകൂലവൃത്തങ്ങളുടെ ശ്രമം. അഞ്ചേകാൽ ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരിൽ രണ്ടുലക്ഷത്തോളം വരുന്ന അധ്യാപകർക്ക് 'സറണ്ടർ' ഇല്ല. അതായത് ലീവ് സറണ്ടറാണ് മുഖ്യവിഷയമെങ്കിൽ അദ്ധ്യാപകർ അതിൽ പങ്കെടുക്കുമായിരുന്നില്ല. അതുപോലെ പ്രൊട്ടക്ഷൻ എന്നത് അദ്ധ്യാപകരുടെ മാത്രം പ്രശ്നമാണ്. മറ്റു വിഭാഗക്കാർ അതിനായി ഒരു അനിശ്ചിതകാലസമരം നടത്തുകയില്ല. പെൻഷൻ പ്രശ്നം അടുത്ത രണ്ടോമൂന്നോ വർഷത്തിനകം പെൻഷൻ പറ്റുന്നവരെ മാത്രം ബാധിക്കുന്ന പ്രശ്നമാണ്- പത്തോ ഇരുപതോ വർഷം കഴിഞ്ഞ് പെൻഷനാകിനിടയുള്ള ഒരാൾ ഇപ്പോഴത്തെ പെൻഷൻ/കമ്യൂട്ടേഷൻ നയത്തിൽ സമരം ചെയ്യേണ്ട കാര്യമില്ല. കാരണം, അയാൾ പെൻഷനാകുമ്പോഴെക്കും ഇപ്പോഴത്തെ നിയമങ്ങളിൽ ഇനിയുമെത്രയോ മാറ്റങ്ങളും മറച്ചിലുകളും വരാം. രണ്ടുമാസം ശമ്പളം 15 ദിവസം വൈകുന്നതും സാമ്പത്തികമായ തലത്തിൽ മാത്രം നോക്കിയാൽ, അഡ്ജസ്റ്റ് ചെയ്യാവുന്നതേയുള്ളൂ.

ഡയ്സനോണും ഇന്ത്യൻശിക്ഷാനിയമത്തിലെ സകലവകുപ്പുകളും സസ്പെൻഷൻ നടപടികളും കരിനിയമമായ എസ്മയും ഉപയോഗിച്ച് സമരത്തെ നേരിടുമെന്ന് സർക്കാർ വ്യക്തമായ മുന്നറിയിപ്പു നൽകിയിട്ടും ഭരണകക്ഷി യൂണിയനുകളുൾപ്പെടെ ജീവനക്കാർ ഒരുമിച്ച് നിന്ന് അനിശ്ചിതകാല സമരം ആരംഭിച്ചത് മേല്പറഞ്ഞ നാലു തീരുമാനങ്ങൾ മാറ്റിക്കിട്ടാനായിട്ടുമാത്രമാണെന്നും വിശ്വസിക്കുന്നത് അമ്പലത്തിൽ പോകുന്നത് ചന്ദനം കിട്ടാനാണെന്ന പറയുംപോലെ വിഡ്ഢിത്തമായിരിക്കും.

കോഴകൊടുത്തു പണി വാങ്ങുന്ന മാനേജ്മെന്റുള്ള അധ്യാപകരെ മാറ്റി നിർത്തിയാൽ ബാക്കി വരുന്ന 80 ശതമാനം സർക്കാർ ജീവനക്കാരും എങ്ങനെ ഉണ്ടായവരാണെന്ന് ഓർത്തുനോക്കുക. സമൂഹത്തിലെ വിദ്യാഭ്യാസം നേടിയ സകലരും പങ്കെടുക്കുന്ന മത്സരപരീക്ഷകളിൽ ഉന്നത റാങ്ക് നേടിയവരാണ് സർക്കാർ ജോലികളാൽ പ്യൂണായും ക്ലാർക്കായും ടീച്ചറായും പോലീസുകാരനായും ഒക്കെ പ്രവേശിക്കുന്നത്. എസ്.എസ്.എൽ.സി. പാസാവുകപോലും വേണ്ടാത്ത പ്യൂൺ തസ്തികയിൽ ഇപ്പോൾ കയറുന്നവരിൽ 90 ശതമാനത്തിലേറെയും ബിരുദധാരികളാണ്. അതിൽ കഷ്ടിച്ച് പകുതി ബിരുദാനന്തര ബിരുദധാരികളും. അതായത് സമൂഹത്തിലെ ഉയർന്ന വിദ്യാഭ്യാസവും വിവരവും വായനയും വിവേകവും ഉള്ളവർ തന്നെയാണ് സർക്കാർ ജോലിക്കായി വരുന്നത്. സർക്കാർ ജീവനക്കാരനായി മാറുന്നതിന്റെ തലേന്നുവരെ അവർ ഡി.വൈ.എഫ്.ഐക്കാരോ, യൂത്ത് കോൺഗ്രസുകാരോ,പാരലൽ കോളേജ് അധ്യാപകരോ, ട്യൂഷൻ ടീച്ചർമാരോ, സെയിൽസ് മാൻമാരോ, ടെലഫോൺ ബൂത്ത് ഉടമകളോ, ഡ്രൈവർമാരോ, കൃഷിക്കാരോ ഒക്കെ ആയിരുന്നിരിക്കാം.

സമൂഹത്തിന്റെ നന്മകളും തിന്മകളും അതേ അളവിൽ പ്രതിഫലിക്കുന്ന, സമൂഹത്തിന്റെ ഒരു വിഭാഗം മാത്രമാണ് സർക്കാർ ജീവനക്കാർ. അതേ സമയം വിദ്യാഭ്യാസം നേടി വരുന്നവർ. മലയാളി സമൂഹത്തിലെ 'ക്രീം' ആയ യുവജനവിഭാഗമാണ് സർക്കാർ ജീവനക്കാരായി തീരുന്നത്. നമ്മുടെ സമൂഹം കടന്നു പോകുന്ന അവസ്ഥകളെ കുറിച്ചുംനേരിടുന്ന പ്രതിസന്ധികളെ കുറിച്ചുംസമൂഹത്തിലെ മറ്റേതൊരു വിഭാഗത്തേക്കാളും ഗൗരവമായി ചിന്തിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നത് ഈ വിഭാഗം തന്നെയാണ് . അലസരും മടിയന്മാരും കൈക്കൂലിക്കാരും സ്വജനപക്ഷപാതികളും അഹംഭാവികളും മദ്യപാനികളും പെണ്ണുപിടിയന്മാരുമൊക്കെ ഇവരുടെ കൂട്ടത്തിലുണ്ട്. എന്നുവെച്ച് ഈ വിഭാഗം മുഴുവൻ അത്തരക്കാരാണെന്ന പറയുന്നതും പറയിപ്പിക്കുന്നതും സത്യമാകുന്നില്ല.

മറ്റേതൊരു സാമൂഹ്യ വിഭാഗത്തേക്കാളും സമൂഹത്തോട് പ്രതിബദ്ധത പുലർത്തുന്ന ഒരു വിഭാഗം എന്ന നിലയിൽ സാമൂഹിക സാമ്പത്തിക സുരക്ഷിതത്വത്തിന് മൊത്തം ഭീഷണിയായ ചില സർക്കാർ നയങ്ങൾക്കെതിരെ വ്യക്തമായ ലക്ഷ്യബോധത്തോടെ സർക്കാർ ജീവനക്കാർ നടത്തുന്ന സമരമാണിത്. ഈ സമരത്തിന്റെ മുദ്രാവാക്യങ്ങളിൽ സ്വാർത്ഥതാൽപ്പര്യം മാത്രം കാണാൻ കഴിയുന്നവർ അപകടകാരികളാണ്.

കർഷകനും കർഷകതൊഴിലാളിയും ചെറുകിട ഉല്പാദകനും വ്യാപാരിയും സർക്കാർ ജീവനക്കാരനും കമ്പനിത്തൊഴിലാളിയും ഇന്നു പ്രതിസന്ധിയിലാണ്. അതിന് ഒരാൾ മറ്റൊരാളെ കുറ്റം പറയുന്ന വിഡ്ഢിത്തം അവസാനിപ്പിക്കേണ്ട സമയം കഴിഞ്ഞു. വികസിത മുതലാളിത്തരാജ്യങ്ങൾ, അവികസിത-വികസിത രാജ്യങ്ങളെ തങ്ങളുടെ ചൊല്പടിയിൽ കൊണ്ടുവരാനായി അവരുടെ ഏജന്റുകളായ ലോകബാങ്കും, ഐ.എം.എഫും, ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും പോലുള്ള ധനവിനിമയ കേന്ദ്രങ്ങളിലൂടെ നൽകുന്ന ഉദാരമായ വായ്പകളുടെ അടിസ്ഥാനമായി നിർബന്ധപൂർവ്വം നടപ്പിലാക്കുന്ന ആഗോളവൽക്കരണ- ഉദാരവൽക്കരണ അജണ്ടയും അതിന്റെ ഭാഗമായി വരുന്ന ഗാട്ട് ഉടമ്പടിയും സാമ്പത്തിക വത്ക്കരണ നടപടികളുടേയും ഭാഗമാണ് ഇന്ത്യയിലെ സാമ്പത്തിക പ്രതിസന്ധി.

കാർഷിക-ഗ്രാമീണ തൊഴിൽ മേഖലകളിൽ നൽകിയിരുന്ന സബ്സിഡികൾ വെട്ടിക്കുറച്ചും ഇറക്കുമതി നിയന്ത്രണച്ചട്ടങ്ങളെ റദ്ദ് ചെയ്തും ഇന്ത്യൻ കാർഷിക മേഖലയെ തകർത്തത് ഇതിന്റെ ഭാഗമായാണ്. മുഖ്യമായും വാണിജ്യവിളകൾ കൃഷിചെയ്തും അതു കയറ്റി അയച്ചും നിലനിന്നിരുന്ന കേരളത്തിലെ കാർഷിക മേഖലയെ അതു പെട്ടെന്നു ബാധിച്ചു. പ്രാദേശിക കാർഷിക മേഖലയിലെ സ്വാസ്ഥ്യം തകർത്തുകളഞ്ഞാൽ സാമ്രാജ്യത്വകത്തകകളുടെ അടുത്തലക്ഷ്യം തൊഴിൽ മേഖലയാണ്. 1000പേരിൽ കുറവുള്ള തൊഴിൽ സ്ഥാപനങ്ങൾ തൊഴിലുടമയ്ക്ക് സൗകര്യം പോലെ പൂട്ടാൻ അനുമതി നൽകുന്നതുൾപ്പെടെയുള്ള പുതിയ നിയമങ്ങൾ ആ ദിശയിലേക്കുള്ള കാൽവെയ്പാണ്.

എല്ലാ വികസ്വര- അല്പവികസിത രാഷ്ട്രങ്ങളും ഇന്ന് വിദേശ ഏജൻസികളിൽ നിന്നുള്ള ലോണുകളെ ആശ്രയിക്കുന്ന ഒരവസ്ഥയിലാണ്. രാഷ്ട്രങ്ങളെ നേരിട്ട് കീഴ്പ്പെടുത്തി നിയന്ത്രിക്കുന്നതിനു പകരം ഇത്തരം ലോണുകൾക്കുള്ള ഉപാധികളായി കർക്കശമായ ചില നിബന്ധനകൾ വെച്ച് അത്തരം നയങ്ങൾ ലോണെടുക്കുന്ന ദേശത്ത് അവിടുത്തെ ഭരണാധികാരികളെക്കൊണ്ട് നടപ്പാക്കുകയാണ് സാമ്രാജ്യത്വത്തിന്റെ പുതിയതന്ത്രം.

സംഘടിത തൊഴിലാളി മേഖലയെ നിർജീവവും ശിഥിലവുമാക്കി മൊത്തം അരക്ഷിതബോധമുണ്ടാക്കുകയാണ് ഇത്തരം ഫണ്ടിംഗ് ഏജൻസികളുടെ പ്രധാനലക്ഷ്യം. ഏതു നക്കാപ്പിച്ചകൾക്കും പണിയെടുക്കാൻ തയ്യാറായ തൊഴിലില്ലാപ്പടയെ സജ്ജരാക്കി നിർത്തുകയാണ് അവരുടെ ഉദ്ദേശ്യം. നിലവിലുള്ള തൊഴിൽ മേഖലകളും ശമ്പളവ്യവസ്ഥകൾ അട്ടിമറിച്ചും വെട്ടിക്കുറിച്ചും ജീവനക്കാരെ പിരിച്ചുവിട്ടും നിർബന്ധിത പെൻഷൻ നടപ്പിലാക്കിയും തൊഴിലില്ലായ്മ പെരുപ്പിക്കുകയും ഉള്ള തൊഴിലിന്റെ തന്നെ സുരക്ഷിതത്വം തകർക്കുകയുമാണ് അവരുടെ പദ്ധതി.

ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ആന്റണി സർക്കാർ ജീവനക്കാർക്കെതിരെ തിരിഞ്ഞിരിക്കുന്നത്. ജീവനക്കാരെ നേർക്കുനേർ വെല്ലുവിളിച്ച് യുദ്ധം പ്രഖ്യാപിച്ച് തോൽപ്പിച്ചു ഫണ്ടിംഗ് ഏജൻസികളെ കാണിച്ചു കൊടുക്കുകയാണ് ആന്റണിയുടെ ലക്ഷ്യം. തങ്ങൾ നിർദ്ദേശിക്കുന്ന പദ്ധതികൾ ഏകാധിപത്യ ശൈലിയിൽ ജനങ്ങളെ അടിച്ചേല്പിക്കുന്ന ഭരണാധികാരികളെ ഫണ്ടിംഗ് ഏജൻസികൾ ഏറെ ഇഷ്ടപ്പെടുന്നു. അത്തരക്കാർക്ക് ഏതു ലോണും കൊടുക്കാൻ അവർ തയ്യാറാണ്. അതിനായി അവരുടെ ലിസ്റ്റിലെ നല്ല കുട്ടിയാകാനാണ് ആന്റണി ശ്രമിക്കുന്നത്.

സർക്കാർ ജീവനക്കാരുടെ ഈ സമരം വെറും ഒരു സാമ്പത്തിക സമരത്തിനുപുറത്ത്, ഗുണപരമായ മറ്റൊരു തലം ഉൾക്കൊള്ളുന്നു എന്നു പറയുന്നത് ഈ സാഹചര്യത്തിലാണ്.

അൺ- എക്കണോമിക്കായ 2000- ത്തിലേറെ വിദ്യാലയങ്ങൾ നിറുത്തലാക്കുന്നു എന്നു പറയുമ്പോൾ അത് അവിടങ്ങളിൽ പണി ചെയ്തു വരുന്ന അദ്ധ്യാപകരെ മാത്രം ബാധിക്കുന്ന ഒരു കാര്യമാണോ? അദ്ധ്യാപകരൊഴിച്ചുള്ള മൂന്നേകാൽ ലക്ഷത്തോളം ജീവനക്കാരിൽ 80,000ത്തോളം പേർ അധികമാണെന്നു പറയുമ്പോൾ, അത്രയും തസ്തികകൾ നിറുത്തലാക്കാനുദ്ദേശിക്കുമ്പോൾ, ഇപ്പോൾ ജോലി നേടിക്കഴിഞ്ഞ ഒരാളേയും അതു ബാധിക്കാൻ പോകുന്നില്ല. റിട്ടയർമെന്റ് ഒഴിവുകളിൽ പുതുതായി നിയമനം നടത്താതെയാണ് ഈ വെട്ടിക്കുറക്കലുകൾ നടത്തുക. സർക്കാർ മേഖലയിൽ നിലവിലുള്ള തൊഴിൽ സാധ്യതയുടെ നാലിലൊന്ന് ഇങ്ങനെ ഇല്ലാതാകുമ്പോൾ, സർക്കാർ ജോലി സ്വപ്നം കണ്ട് പഠിക്കുകയും പരീക്ഷ എഴുതുകയും ചെയ്യുന്ന ഒരു സമൂഹത്തെ അതു ബാധിക്കുന്നില്ലെന്നാണോ?

സാർവദേശീയ അംഗീകാരം നേടിയ, ഏറെ പോരായ്മകളുണ്ടെങ്കിലും അഭിമാനാർഹമായ, കേരളത്തിലെ വിദ്യാഭ്യാസ - ആരോഗ്യമേഖലകളിലെ മാതൃകാപരമായ പുരോഗതിയും ശക്തമായ പൊതുവിതരണ സമ്പ്രദായവും നമുക്ക് കെട്ടിപ്പടുക്കാനായത് വിപുലമായ ഈ സർക്കാർ ഉദ്യോഗസ്ഥ സംവിധാനം ഉപയോഗിച്ചാണ്. ഇന്നിപ്പോൾ പരദേശി ഹുണ്ടികക്കാർ അൺ- എക്കണോമിക്ക് എന്നു പറയുന്ന ഈ മേഖലകളിൽ പണമിറക്കിയതിന്റെ ഫലമായാണ് കേരളം എന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അതു നേടിയിട്ടുള്ളത്. ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ ഗണ്യമായ വെട്ടിക്കുറക്കൽ നടത്തുകയെന്നു പറയുമ്പോൾ സർക്കാർ മുൻപനായി നടത്തിയിരുന്ന പല സേവനമേഖലകളിൽ നിന്നും സർക്കാർ പിൻവാങ്ങേണ്ടതാണെന്ന അർത്ഥം.

ഭരണകൂടത്തിന്റെയും അതിന്റെ പീഡനോപാധികളായ ഭരണസംവിധാനങ്ങളുടേയും കാര്യത്തിൽ ഒരു കുറവും പ്രതീക്ഷിക്കേണ്ട. അതായത് മന്ത്രിമാരുടേയോ പോലീസുകാരുടേയോ, ജഡ്ജിമാരുടേയോ നികുതി പിരിവുകാരുടേയോ എണ്ണത്തിൽ ഒരു കുറവും പ്രതീക്ഷിക്കേണ്ട. എന്നല്ല കൂട്ടുകയും ചെയ്യും. കുറവുവരുവാൻ പോകുന്നത് വിദ്യാഭ്യാസ വകുപ്പോ, ആരോഗ്യവകുപ്പോ സിവിൽസപ്ലൈസ് വകുപ്പോ ഒക്കെയാകും. അത് കാണാൻ പോകുന്ന പൂരം.

ഈ സമരത്തിൽ തോൽക്കുന്നത് സർക്കാർ ജീവനക്കാരാണെങ്കിൽ അതോടെ കുഴിച്ചുമൂടപ്പെടുന്നത് സംഘടിതതൊഴിലാളി വർഗ്ഗത്തിന്റെ അവകാശസമരങ്ങളുടെ വിജയചരിത്രം തന്നെയായിരിക്കും. ഇനിയുമൊരങ്കത്തിന് സാധ്യമല്ലെന്ന് ബോധ്യപ്പെടുത്തിക്കൊണ്ട് തൊഴിലാളി സംഘടനകളെ ഒരു പാഠം പഠിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ഈ സമരത്തിൽ സർക്കാർ ജീവനക്കാരെ വിജയിപ്പിക്കേണ്ടത് സമൂഹത്തിന്റെ കടമയാകുന്നു. സർക്കാർ ജീവനക്കാരുടെ അഴിമതിയുംകെടുകാര്യസ്ഥതക്കുമെതിരെ ജനകീയമായ മറ്റൊരു സമരം ആസൂത്രണം ചെയ്യുകയാണ് വേണ്ടത്. ആ കാരണം പറഞ്ഞ് ഈ സമരത്തെ എതിർക്കാൻ ഭരണകൂടത്തോടൊപ്പം നിൽക്കുന്നത്, ഭാവിയിൽ തിരുത്താൻ പറ്റാത്തൊരു വലിയ തെറ്റായിരിക്കും.